**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/3199/2021-SH1 തീയതി :**18-09-2024**

**സർക്കുലർ**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -ജീവനക്കാര്യം -ട്രാക്ടർ ഡ്രൈവർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നത് -സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് നം ജി.ഒ(എം .എസ് ) 5/ 93/എ ഡി തീയതി 08.01.1993.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ബ്ലാക്ക് സ്മിത്ത് / ബോറർ / ഫിറ്റർ / കാർപ്പെന്റർ /ലാസ്റ്റ് ഗ്രേഡ് സർവീസ് എന്നീ വിഭാഗം ജീവനക്കാരിൽ നിന്നും യോഗ്യതയുടെയും, സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന ട്രാക്ടർ ഡ്രൈവർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് നൽകുന്നതിന് സൂചന ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫീഡർ ക്യാറ്റഗറിയിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയവും, അംഗീകൃത ട്രാക്ടർ ഡ്രൈവർ ലൈസൻസും ഉള്ള മേൽപ്പറഞ്ഞ ജീവനക്കാർക്ക് തസ്തികമാറ്റത്തിന് അർഹതയുണ്ട്.

മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന നിയമനം ലഭിക്കുവാൻ താല്പര്യമുള്ള ജീവനക്കാർ മേലധികാരിയുടെ ശിപാർശ സഹിതം 31.10.2024 തീയതിക്ക് മുമ്പായി സേവന വിവരങ്ങൾ ഈ കാര്യാലയത്തിൽ അപേക്ഷ സഹിതം സമർപ്പിക്കേണ്ടതാണ്.

Signed by
Roja S Nair
Date: 18-09-2024 14:23:45

ROJA S NAIR
ADMINISTRATIVE ASSISTANT II
കൃഷി ഡയറക്ടർക്ക് വേണ്ടി

പകർപ്പ്:
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ , ആലപ്പുഴ , കോഴിക്കോട്
IT CELL (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ